**കേരള ഹൈക്കോർട്ട് അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ട് ട്രസ്റ്റ് സ്കീം I,II,III**

**കേരള ഹൈക്കോടതി അഭിഭാഷക ക്ഷേമനിധി ട്രസ്റ്റ് ഹൈക്കോടതിയിലെ അഭിഭാഷകരുടെ ക്ഷേമ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ 2011ൽ അഭിഭാഷക അസോസിയേഷൻ ആരംഭിച്ചതാണ്. ട്രസ്റ്റിൽ അംഗമാവുന്നതിന് 30000 രൂപ നൽകി ആജീവനാന്ത അംഗത്വത്തിനും 5000 രൂപ നൽകി സാധാരണ അംഗത്വത്തിനും അപേക്ഷിക്കാം. ട്രസ്റ്റ് അംഗങ്ങളായ അഭിഭാഷകരുടെയും കുടുംബത്തിന്റെയും സാമൂഹ്യ സുരക്ഷയ്ക്ക് മൂന്ന് പദ്ധതികളാണ് നിലവിൽ ഉള്ളത്. രണ്ടര കോടിയിലധികം രൂപയുടെ മൂലധനവും 800ലധികം അംഗങ്ങളുമുള്ള ഒരു സുശക്തമായ ക്ഷേമനിധി പ്രസ്ഥാനമാണ് കേരളാ ഹൈക്കോടതി അഭിഭാഷക ക്ഷേമനിധി ട്രസ്റ്റ്.**

**<u>സാമൂഹ്യ സുരക്ഷാ പദ്ധതി I- SSS I.</u>**

**ഡോണർ, ലൈഫ് അംഗങ്ങൾക്കും പ്രതിവർഷം നിശ്ചിത വരിസംഖ്യ നൽകുന്ന സാധാരണ അംഗങ്ങൾക്കും ആനുകൂല്യം ലഭിക്കുന്നതാണ് SSS-1.**

ട്രസ്റ്റ് അംഗത്വമെടുത്ത് മൂന്നു വർഷം കഴിയുന്നതോടെ അംഗം മരണപ്പെട്ടാൽ 4 ലക്ഷം രൂപ കുടുംബത്തിന് ധനസഹായം ലഭിക്കും. മൂന്നു വർഷത്തിനിടയിലാണ് മരണം സംഭവിക്കുന്നതെങ്കിൽ പ്രതിദിനം 365 രൂപ തോതിൽ, മരണപ്പെടുന്ന അംഗത്തിന് എത്ര ദിവസം അംഗത്വമുണ്ടോ അത്രയും തുക കുടുംബത്തിന് ലഭിക്കും. കൂടാതെ കാൻസർ, ഹൃദ്രോഗം, മസ്തിഷ്കഘാതം തുടങ്ങി പട്ടികയിൽപ്പെടുത്തിയ ഗുരുതര രോഗങ്ങളിൽ ചികിത്സ തേടുന്നവർക്ക് അംഗത്വമെടുത്ത് 5 വർഷം പൂർത്തിയായാൽ 50000 രൂപ വരെയുള്ള ചികിത്സാ സഹായത്തിന് അർഹതയുണ്ടായിരിക്കും.

എന്നാൽ ജോലിയിൽ നിന്ന് വിരമിച്ച് പെൻഷനും ആനുകൂല്യങ്ങളും ലഭിക്കുന്നവർക്ക് SSS- 1 ന്റെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാവില്ല. 65വയസ്സ് വരെയുള്ളവർക്കാണ് ഈ പദ്ധതിയിൽ ചേരാൻ സാധിക്കുകയുള്ളു.

**<u>സാമൂഹ്യ സുരക്ഷാ പദ്ധതി SSS- II</u>**

വാഹനാപകടമോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള അപകടമോ കാരണം മരണം സംഭവിക്കുന്ന ട്രസ്റ്റ് അംഗത്തിന്റെ കുടുംബത്തിന് 5 ലക്ഷം രൂപയുടെ ധനസഹായം ലഭിക്കുന്നതാണ് SSS II പദ്ധതി. അപകടത്തെ തുടർന്ന്

THE KERALA HIGH COURT ADVOCATES' ASSOCIATION

അംഗം ചികിത്സയിലാവുകയാണെങ്കിൽ 50000 രൂപയിൽ അധികരിക്കുന്ന രണ്ടു ലക്ഷം രൂപ വരെയുള്ള ചികിത്സാ ചെലവ് ട്രസ്റ്റ് വഹിക്കും. SSS II ലെ ആനുകൂല്യത്തിന് പ്രത്യേക വരിസംഖ്യ നൽകേണ്ടതില്ല. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്ന ട്രസ്റ്റ് അംഗങ്ങൾക്കും പദ്ധതിയുടെ ഗുണം ലഭിക്കും.

## <u>സാമൂഹ്യ സുരക്ഷാ പദ്ധതി III - SSS- III</u>

പകർച്ചവ്യാധി, കോവിഡ് പോലുള്ള മഹാമാരികൾ, ദുരന്ത നിവാരണ അതോറട്ടി പ്രഖ്യാപിക്കുന്ന മറ്റ് ദുരന്തങ്ങൾ എന്നിവയിൽ പെട്ട് മരണപ്പെടുന്ന ട്രസ്റ്റ് അംഗത്തിന്റെ കുടുംബത്തിന് മൂന്നു ലക്ഷം രൂപ ധനസഹായം ലഭിക്കുന്നതാണ് സാമൂഹ്യ സുരക്ഷാ പദ്ധതി- III. പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരാകാൻ ട്രസ്റ്റ് അംഗങ്ങൾ പ്രതിവർഷം 1000 രൂപ വരിസംഖ്യ നൽകേണ്ടി വരും. വരിസംഖ്യ കൃത്യമായി അടക്കുന്ന ട്രസ്റ്റ് അംഗം ദുരന്തങ്ങളിൽപ്പെട്ട് വെന്റിലേറ്റർ, ഐ.സി.യു എന്നിവയിൽ 5 ദിവസങ്ങളിൽ കൂടുതൽ ചികിത്സ തേടേണ്ടി വരുമ്പോൾ 25000 രൂപയിൽ അധികരിക്കുന്ന ഒരു ലക്ഷം രൂപ വരെയുള്ള ചികിത്സാ ചെലവ് ട്രസ്റ്റ് വഹിക്കും.

കോവിഡു കാലത്തെ ചികിത്സാ ബുദ്ധിമുട്ടുകൾ പരിഗണിച്ച് കോവിഡ് ബാധിച്ച് ആശുപത്രി ചികിത്സയിലാകുന്ന ട്രസ്റ്റ് അംഗത്തിന് 25000 രൂപ വരെയുള്ള ആശുപത്രി ചെലവ് ട്രസ്റ്റ് അനുവദിക്കുന്നതാണ്. അംഗത്വമെടുത്ത് വരിസംഖ്യ അടക്കുന്ന ദിവസം മുതൽ തന്നെ SSS III ന്റെ ആനുകൂല്യത്തിന് അർഹതയുണ്ടാകും;

മരണപ്പെടുന്ന ട്രസ്റ്റ് അംഗത്തിന്റെ കുടുംബത്തിന് ലഭിക്കുന്ന ധനസഹായം, ഈ മൂന്ന് സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഏതാണോ അർഹതപ്പെട്ടതിൽ കൂടിയ തുക അത് മാത്രമായിരിക്കും. അതുപോലെ തന്നെ ഒരു ട്രസ്റ്റ് അംഗത്തിന് ജീവിതദശയിൽ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ നിന്നും ആകെ ലഭിക്കുന്ന ചികിത്സാ ചെലവ് രണ്ട് ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുമുണ്ട്.

SSS I, II, III പദ്ധതികളുടെ കൂടുതൽ വിവരങ്ങൾ അറിയുന്നത് അതത് പദ്ധതികളുടെ തയ്യാറാക്കിയ പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പരിശോധിക്കുക.

നമ്മുടെയും കുടുംബത്തിന്റെയും സാമൂഹ്യ സുരക്ഷ അത് നമ്മുടെ തന്നെ കടമയാണ്.

THE KERALA HIGH COURT ADVOCATES' ASSOCIATION

Adv. Nima jacob
സെക്രട്ടറി, KHCAA